Malayala Manorama 04-08-18, P-19



സാധാരണ തുവര പരിപ്പ്.



അട്ടപ്പാടി തുവര പരിപ്പ്.

# ഈ പരിപ്പ് ഇനി അവിടെയും വേവും

## അട്ടപ്പാടി തുവരപ്പരിപ്പിന് ഭൗമ സൂചക പദവി

**എം.എം.സുജിത്**

തൃശൂർ ● അട്ടപ്പാടിയിലെ പരിപ്പ് ഇനി രാജ്യാന്തര വിപണിയിലെ അടുക്കളകളിൽ വേവും. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ പുതൂർ, ഷോളയൂർ, അഗളി പഞ്ചായത്തുകളിൽ വ്യാപകമായി കൃഷി ചെയ്യുന്ന തുവരപ്പരിപ്പാണു ഭൗമസുചക പദവിയോടെ വിപണിയിലെത്തുന്നത്. കേരളത്തിൽ സാധാരണ കറികൾക്കുപയോഗിക്കുന്ന തുവര പരിപ്പിൽ നിന്നു നിറം കൊണ്ടും ഗുണം കൊണ്ടും വേറിട്ടു നിൽക്കുന്നതാണ് അട്ടപ്പാടി തുവര. സാധാരണ തുവരയ്ക്കു തവിട്ടു നിറമാണെങ്കിൽ അട്ടപ്പാടി തുവരയ്ക്കു വെളുത്ത നിറമാണ്. ധാന്യത്തിൽ നിന്നു വേറിട്ട് പച്ചക്കറിയുടെ കൂടി സ്വഭാവം പ്രകടിപ്പിക്കുന്നതാണ് അട്ടപ്പാടി തുവര. പച്ചപ്പയർ (അച്ചിങ്ങ) പൊളിച്ച് മണികൾ ഉപയോഗിക്കുന്നതു പോലെ അട്ടപ്പാടി തുവരയുടെ മണികൾ പച്ചക്കറിപോലെ ഉപയോഗിക്കാം.

മറ്റിനങ്ങളെ അപേക്ഷിച്ച് ഇതിനു ചവർപ്പും കുറവാണ്. സാധാരണ തുവര ചെടി ശരാശരി ഒരു മീറ്റർ വരെ ഉയരത്തിൽ വളരുമ്പോൾ അട്ടപ്പാടി തുവര മൂന്നുമീറ്റർ വരെ ഉയരത്തിലാണു വളരുന്നത്. ശാഖകളും കൂടുതൽ. ആദിവാസികളാണു കൂടുതലായും പരിപ്പ് കൃഷി ചെയ്യുന്നത്. കോയമ്പത്തൂരാണ് ഇപ്പോഴത്തെ പ്രധാന വിപണി. വിശാലമായ വിപണി ലക്ഷ്യമാക്കി ഇതിന്റെ പ്രത്യേകതകൾ പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. കാർഷിക സർവകലാശാലയുടെ ഐപിആർ സെൽ ശ്രമഫലമായാണ് അട്ടപ്പാടി തുവരയ്ക്കു ഭൗമസുചക പദവി ലഭിച്ചത്. അട്ടപ്പാടിയിൽ തന്നെ കൃഷി ചെയ്യുന്ന ആട്ടുകൊമ്പ് അമര, കണ്ണൂർ കുറ്റ്യാട്ടൂർ മാങ്ങ, എടയൂർ മുളക് തുടങ്ങിയ ഉൽപന്നങ്ങൾക്കും ഭൗമസൂചക പദവി നേടാനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണെന്നു സെൽ കോഓർഡിനേറ്റർ ഡോ. സി.ആർ. എൽസി പറഞ്ഞു.